# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 758 — 02.12.2015 -ൽ മറുപടിക്ക്

**കാസർഗോഡ് ജനറൽ ആശുപത്രിയിൽ ബ്ലഡ് കംപോണന്റ് സെപ്പറേഷൻ യൂണിറ്റ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് : | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | കാസർഗോഡ് ഗവൺമെന്റ് ജനറൽ ആശുപത്രിയിൽ ബ്ലഡ് കംപോണന്റ് സെപ്പറേഷൻ യൂണിറ്റ് (Blood Component Separation Unit) സ്ഥാപിക്കാൻ സാധിക്കാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ ; | (എ) | 2014-15 സാമ്പത്തിക വർഷത്തിൽ അനുവദിച്ച പ്ലാൻ ഫണ്ട് ഉപയോഗിച്ച് കാസർഗോഡ് ഗവൺമെന്റ് ജനറൽ ആശുപത്രിയിൽ ബ്ലഡ് കമ്പോണന്റ് സെപ്പറേഷൻ യൂണിറ്റ് ആരംഭിക്കുന്നതിന് ആവശ്യമായ ഉപകരണങ്ങൾ കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി ഇതിനോടകം വിതരണം ചെയ്തിട്ടുണ്ട്. ബ്ലഡ് കമ്പോണന്റ് സെപ്പറേഷൻ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. |
| (ബി) | പ്രസ്തുത യൂണിറ്റിന് ആവശ്യമായ സാമഗ്രികൾ കാസർഗോഡ് ജനറൽ ആശുപത്രിയിൽ എത്തിച്ചിട്ടുണ്ടോ ; എങ്കിൽ എപ്പോഴാണ് എത്തിച്ചത് ; | (ബി) | ഉണ്ട്. 2015 ജൂലൈ മാസത്തോടു കൂടിയാണ് ഉപകരണങ്ങളുടെ വിതരണം പൂർത്തിയാക്കിയത്. |
| (സി) | കാസർഗോഡ് ജനറൽ ആശുപത്രിയിൽ സ്ഥാപിക്കാൻ തീരുമാനിച്ച ബ്ലഡ് കംപോണന്റ് സെപ്പറേഷൻ യൂണിറ്റ് മറ്റേതെങ്കിലും ജില്ലയിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ ; ഇതിന്റെ ഭാഗമായി സാമഗ്രികൾ തിരിച്ച് കൊണ്ട് പോയിട്ടുണ്ടോ ; വിശദവിവരം നൽകാമോ ? | (സി) | കാസർഗോഡ് ഗവൺമെന്റ് ജനറൽ ആശുപത്രിയിൽ തന്നെ ബ്ലഡ് കമ്പോണന്റ് സെപ്പറേഷൻ യൂണിറ്റ് നിലനിർത്തുവാനാണ് അന്തിമ തീരുമാനം. ബ്ലഡ് കമ്പോണന്റ് സെപ്പറേഷൻ യൂണിറ്റിനു വേണ്ടി വിതരണം ചെയ്ത ഉപകരണങ്ങൾ ഒന്നും തന്നെ തിരിച്ചുകൊണ്ടു പോയിട്ടില്ല. |

സെക്ഷൻ ഓഫീസർ